**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1073** **07-12-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് സമഗ്ര വികസന ഏകോപന കൗൺസിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാടിന്റെ സമഗ്ര വികസനം സമയബന്ധിതമായി നടപ്പാക്കുന്നതിന് നിലവിലെ സർക്കാർ നടപ്പിലാക്കിയ കുട്ടനാട് സമഗ്ര വികസന ഏകോപന കൗൺസിലിന്റെ ഗുണങ്ങൾ വ്യക്തമാക്കാമോ? | (എ) | കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി രൂപീകരിച്ചിട്ടുള്ള കുട്ടനാട് വികസന ഏകോപന കൗൺസിലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) കുട്ടനാട് പ്രദേശത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ഒറ്റ സംവിധാനത്തിന്റെ കീഴിലാക്കി, എല്ലാ ഏജൻസികളുടെയും പ്രവർത്തനം അവലോകനം നടത്തുന്നതിനും, പരസ്പരം പൂരകങ്ങളാകുന്ന വിധം ആസൂത്രണം ചെയ്യുന്നതിനും പദ്ധതികൾക്ക് ആവർത്തന സ്വഭാവമില്ലാതെ നടപ്പിലാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക. 2) വിവിധ ഏജൻസികൾ, വകുപ്പുകൾ തുടങ്ങിയവ നടത്തുന്ന അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക, ഏകോപിപ്പിക്കുക, അവ നടപ്പിൽ വരുത്തുന്നത് മോണിറ്റർ ചെയ്യുക. പാരിസ്ഥിതിക സുരക്ഷ, സാമൂഹ്യ സുരക്ഷ, പങ്കാളിത്ത പരിപാലനം എന്നിവ ഉറപ്പു വരുത്തുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവുകൾ നൽകുക.<br><br>3) കുട്ടനാട്ടിലെ നെൽപ്പാടങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പദ്ധതികളുടെ പൊതുവായ ആസൂത്രണവും നടത്തിപ്പും ഉറപ്പാക്കുക.<br><br>4) തോടുകൾ, കനാലുകൾ എന്നിവയുടെ നീരൊഴുക്ക് സുഗമമാക്കുകയും, അവയുടെ ജലസംവഹനശേഷിയും സംഭരണശേഷിയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനാവശ്യമായ " റൂം ഫോർ റിവർ " തുടങ്ങിയ പദ്ധതികൾ പ്രാദേശിക പ്രത്യേകതകൾക്കനുസൃതമായി നടപ്പിലാക്കുക.<br><br>5) നെൽകൃഷി, തെങ്ങ് കൃഷി, മത്സ്യകൃഷി, താറാവ് വളർത്തൽ, മറ്റു കൃഷികൾ എന്നിവ സമഗ്രമായി |

സംയോജിപ്പിക്കുന്ന സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിച്ച് കർഷകരുടെ വരുമാനം ഇരട്ടിയാക്കും വിധമുള്ള പദ്ധതികൾ നടപ്പിലാക്കുക.

6) കുട്ടനാട്ടിൽ സമഗ്ര ജല മാനേജ്മെന്റ് നടപ്പിലാക്കുക

7)കുട്ടനാട്ടിലെ നെൽക്കൃഷിയെ വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, കാലം തെറ്റിയ മഴയ്ക്കും, വെള്ളപ്പൊക്കത്തിനും അനുയോജ്യമാകും വിധമുള്ള കാർഷിക കലണ്ടറും കൃഷിരീതിയും നടപ്പിലാക്കുക, വിള നാശവും അടിസ്ഥാന സൗകര്യങ്ങളുടെ നാശനഷ്ടങ്ങളും പരമാവധി കുറയ്ക്കുന്നതിനുള്ള പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കുക.

8) കുട്ടനാട്ടിലെ കാർഷിക പ്രവർത്തനങ്ങൾ യന്ത്രവൽകൃതമാക്കുക. ആയതിന് ആവശ്യമായ യന്ത്രങ്ങൾ സമാഹരിക്കുക.

9) കുട്ടനാട്ടിലെ പുതുതലമുറയിൽ നിന്നും കൂടുതൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിയധിഷ്ഠിതമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക, കാർഷിക ഉത്പന്ന സംസ്കരണ, വിപണന, വിതരണ രംഗങ്ങളിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും വരുമാനം വർദ്ധിപ്പി ക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുക.

10) സംസ്ഥാനത്തിന്റെ മറ്റ് ഭൂപ്രദേശങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമായ കുട്ടനാട്ടിലെ വിവിധ മേഖലകളിലെ പരമ്പരാഗത തൊഴിൽ മേഖലകൾ സംരക്ഷിച്ച് കൂടുതൽ ആകർഷകവും ആദായകരവുമാക്കി പുതു തലമുറയെ ആകർഷിക്കുംവിധം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

11) കുട്ടനാട്ടിലെ നെൽകർഷകർക്കായി പ്രവർത്തിക്കുന്ന വിവിധ പാടശേഖര സമിതികൾ , നെൽകൃഷി വികസന ഏജൻസികൾ എന്നിവയുടെ പ്രവർത്തനം ഏകീകരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക. അവയ്ക്കുള്ള സാമ്പത്തിക സഹായങ്ങൾ കൗൺസിൽ മുഖേന നടപ്പിലാക്കുക.

കുട്ടനാട്ടിലെ കാർഷിക പ്രവർത്തനങ്ങളെ സഹായിക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കുക.

| | | | |
|---|---|---|---|
| | | | മേൽ ലക്ഷ്യങ്ങളിലധിഷ്ഠിതമായ നടപടികൾ സ്വീകരിക്കുന്നതിലൂടെ കുട്ടനാടിന്റെ സമഗ്രവികസനം സാധ്യ മാക്കുവാൻ കഴിയും . |

സെക്ഷൻ ഓഫീസർ